**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1654** **05-07-2022 - ൽ മറുപടിയ്ക്ക്**

**പച്ചക്കറി വില നിയന്ത്രിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീമതി.ഉമ തോമസ്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പച്ചക്കറികളുടെ വില ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നത് മൂലം ജനങ്ങൾ നിത്യ ചെലവിന് വലിയ ബുദ്ധിമുട്ട് അനുഭവിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവപൂർവം കാണുന്നുണ്ടോ; | (എ) | ശ്രദ്ധയിൽ പ്പെട്ടിട്ടില്ല |
| (ബി) | വില നിയന്ത്രണത്തിനായി എന്തെങ്കിലും വിപണി ഇടപെടലുകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ആയത് ഫലപ്രദമാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | 2022-23 സാമ്പത്തിക വർഷത്തിൽ വിഷുക്കാലത്ത് കർഷകർ ഉത്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് പരമാവധി വില ഉറപ്പാക്കുന്നതിനും ഉപഭോക്താക്കൾക്ക് ന്യായവില ലഭിക്കുന്നതിനും കൃഷി വകുപ്പിന്റെ തന്നെ നിയന്ത്രണത്തിൽ നിലവിൽ പ്രവർത്തിക്കുന്ന ഇക്കോഷോപ്പ്, എ ഗ്രേഡ് ക്ലസ്റ്റർബ്ലോക് തല ഫെഡറേറ്റഡ് ഓർഗ നൈസേഷൻസ്, ആഴ്ച ചന്തകൾ എന്നിവ, നഗര വഴിയോര ചന്തകൾ വഴിയും ഹോർട്ടി കോർപ്പ്, VFPCK തുടങ്ങിയ ഏജൻസികളും വിഷു വിപണികൾ സംഘടിപ്പിച്ചു.<br><br>കൂടാതെ ഓണക്കാലത്ത് കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കുന്ന പച്ചക്കറികൾ പൊതു വിപണികളിൽ നിന്നും ലഭ്യമാകുന്ന അതാത് ഇനങ്ങളുടെ സംഭരണ വിലയേക്കാൾ 10% അധികം വില നൽകി സംഭരിക്കുകയും, വിപണികളിലൂടെ വിൽപ്പന നടത്തുമ്പോൾ പൊതു വിപണി വിൽപ്പന വിലയിൽ നിന്നും 30% കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കി ഫലപ്രദമായി വിപണികൾ സംഘടിപ്പിക്കാറുമുണ്ട്. |
| (സി) | അനിയന്ത്രിതമായി പച്ചക്കറി വില വർദ്ധിക്കുന്ന സാഹചര്യത്തിൽ സ്ഥിരമായ വിപണി ഇടപെടലുകൾക്ക് വേണ്ടി ഒരു സ്പെഷ്യൽ ഫണ്ട് | (സി) | വിപണി ഇടപെടലുകൾക്കായി സർക്കാർ അനുവദിക്കുന്ന തുകയിൽ നിന്നും സംഭരണം ഉൾപ്പടെയുള്ള ഇടപെടലുകൾക്കായി ഒരു കരുതൽ ധനം കൃഷി ഡയറക്ടർ മുൻകൂട്ടി നിശ്ചയിച്ച് |

| | | | |
|---|---|---|---|
| | രൂപീകരിക്കുവാൻ തയ്യാറാകുമോ; വിശദാംശം നൽകുമോ; | | സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ തന്നെ മാറ്റിവക്കേണ്ടതും ഈ തുക ഉപയോഗിച്ച് പച്ചക്കറികൾ സംഭരിക്കേണ്ടതുമാണ് എന്ന് 17.12.2021-ലെ സ.ഉ (സാധാ)നം. 1028/2021/ കൃഷി പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ഡി) | വില നിയന്ത്രണത്തിനുള്ള ഫലപ്രദമായ മാർഗ്ഗം ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുകയാണെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ പ്രാദേശികമായി പച്ചക്കറി കൂടുതൽ ഉല്പാദിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ഡി) | പച്ചക്കറികളുടെ വില നിയന്ത്രണത്തിനുള്ള ഒരു ഫലപ്രദമായ മാർഗ്ഗം ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുക എന്നതാണ്. സംസ്ഥാനത്ത് പ്രാദേശികമായി പച്ചക്കറി കൂടുതൽ ഉല്പാദിപ്പിക്കുന്നതിനും ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് "ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന പദ്ധതിയിലൂടെ എല്ലാ കുടുംബങ്ങളേയും അവർക്കാവശ്യമായ പച്ചക്കറി ഉല്പാദിപ്പിക്കുവാൻ പ്രേരിപ്പിക്കുന്നുണ്ട്. കൂടാതെ ഈ പദ്ധതിയുടെ ഭാഗമായി ഉണ്ടാകുന്ന കൃഷിക്കൂട്ടങ്ങളേയും ഇക്കാര്യത്തിനായി സജ്ജീകരിക്കുന്നു. കൂടാതെ സമഗ്ര പച്ചക്കറി വികസന പദ്ധതിയിലൂടെ കർഷകർക്ക് കൃഷിയ്ക്കാവശ്യമായ വിത്തു മുതൽ വിപണി വരെയുള്ള എല്ലാവിധ സഹായങ്ങളും നൽകി വരുന്നു.<br><br>**പ്രസ്തുത പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്ന പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>1) വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹനം.<br><br>2) സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി.<br><br>3) വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി.<br><br>4)പച്ചക്കറി കൃഷിക്ക് അടിസ്ഥാന സൗകര്യ വികസനം. |
| (ഇ) | ഇടനിലക്കാരെ ഒഴിവാക്കി ഇതര സംസ്ഥാനങ്ങളിൽ നിന്നും നേരിട്ട് കൂടുതൽ പച്ചക്കറി സംഭരിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇപ്രകാരം സംഭരണം നടത്തുമ്പോൾ അമിത കീടനാശിനി പ്രയോഗം നടത്തിയവ ഒഴിവാക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഇ) | ഇടനിലക്കാരെ ഒഴിവാക്കി ഇതര സംസ്ഥാനങ്ങളിൽ നിന്നും ആവശ്യാനുസരണം പച്ചക്കറി സംഭരിക്കാറുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം ഇക്കാര്യത്തിനായി ഹോർട്ടികോർപ്പ്-നെ ചുമതലപ്പെടുത്തിയിരുന്നു. തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങളിൽ നിന്നും ഇത്തരത്തിൽ പച്ചക്കറി ശേഖരിച്ചിരുന്നു. കൂടാതെ ക്ഷാമമുള്ള പച്ചക്കറികൾ രാജ്യത്തിന്റെ ഏത് ഭാഗത്താണ് സുഭിക്ഷമായി ഉള്ളത് എന്ന് മനസ്സിലാക്കി ടി സ്ഥലത്തു നിന്നും ആവശ്യമുള്ള പച്ചക്കറികൾ ലഭ്യമാക്കുവാനും ഹോർട്ടികോർപ്പിന് നിർദ്ദേശം നൽകിയിരുന്നു. ഇതിനായി കൃഷി ഡയറക്ടർ ഉദ്യോഗസ്ഥരുടെ ഒരു സംവിധാനം ഒരുക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ഈ ഇടപെടലുകൾക്കായി ഒരു |

പ്രത്യേക കോർപ്പസ് ഫണ്ടും രൂപീകരിക്കുവാൻ കൃഷി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പച്ചക്കറികളിലെ ഗുണനിലവാരം പരിശോധിച്ച് വിഷരഹിത പച്ചക്കറികളുടെ ഉപയോഗം ഉറപ്പു വരുത്തുന്നതിനായി കാർഷിക വികസന കർഷക ക്ഷേമവകുപ്പ് നടപ്പിലാക്കി വരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഒരു ഘടകമായി "സേഫ് ടു ഈറ്റ്" എന്ന പദ്ധതി ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. ഇതരസംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്തെ പൊതു വിപണിയിൽ ലഭ്യമാകുന്ന പച്ചക്കറികളിലെ കീടനാശിനികളുടെ സാമ്പിളുകൾ കേരള കാർഷിക സർവ്വകലാശാല ശേഖരിച്ച് അവയിലെ അവശിഷ്ട കീടനാശിനികളുടെ അളവ് പരിശോധിച്ച് വരുന്നുണ്ട്.

ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറികൾ/പഴവർഗ്ഗങ്ങളുടേയും സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന പഴം പച്ചക്കറികളുടേയും അവശിഷ്ടവിഷാംശം കണ്ടെത്തുന്നതിനായി ഇവയുടെ സാമ്പിളുകൾ ശേഖരിച്ച് വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബിൽ കീടനാശിനി അവിശിഷ്ട വിഷാംശ പരിശോധന നടത്തുകയും പരിശോധന ഫലം കേരളസർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലായ www.kerala.gov.in ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റിൽ പൊതു ജനങ്ങൾക്കും വായിച്ച് മനസ്സിലാക്കുന്ന രീതിയിൽ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നു. ഇതുവരെയായി 54 റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഇതുവഴി മാരകമായ കീടനാശിനികളെയും അവയുണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങളെയും സംബന്ധിച്ച് പൊതു ജനങ്ങളുടെ ഇടയിൽ അവബോധം സൃഷ്ടിക്കുന്നതിനും കീടനാശിനി ഉപയോഗം കുറയ്ക്കുന്നതിന് കർഷകരെ പ്രേരിപ്പിക്കുന്നതിനും ഒരു പരിധി വരെ സഹായമാവുന്നു. ഇത് സുരക്ഷിത പച്ചക്കറിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സഹായമാകുകയും അന്യസംസ്ഥാനത്തു നിന്നും എത്തുന്ന പച്ചക്കറിയുടെ ഉപയോഗം ഒരു പരിധി വരെ കുറയ്ക്കുന്നതിനും സഹായിക്കുന്നു. പച്ചക്കറികളിലെ കീടനാശിനി ഉപയോഗം കുറയ്ക്കുന്നതിനായി നിയന്ത്രണ മാർഗ്ഗങ്ങളിലൂന്നിയുള്ള സംയോജിത സസ്യ ജൈവ സംരക്ഷണത്തെക്കുറിച്ചുള്ള അറിവുകൾ കാർഷിക സർവ്വകലാശാല

| | | | |
|---|---|---|---|
| | | | കർഷകരിലേയ്ക്ക് പരിശീലന പരിപാടികളിലൂടെയും മറ്റും പകർന്നു കൊടുക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ